# ST. PAUL'S MAR THOMA PARISH
## KINGDOM OF BAHRAIN



# PARISH BULLETIN
# JANUARY - 2024

(For private circulation among members only)


+973 1725 0630 +973 3880 4243 P. O. Box 39049
stpaulsmtcbh@gmail.com, parishmarthoma.bh@gmail.com
www.stpaulsmarthomabahrain.com
St.Paul's Mar Thoma Parish Bahrain



# വികാരിയിൽ നിന്ന്



## ക്രിസ്തേശുവിൽ ഏവർക്കും സ്നേഹവന്ദനം

കർത്താവിൽ പ്രിയരെ,

കൃപയുടെ നിറവിൽ ഒരു വർഷക്കാലം ക്ഷേമമായി പരിപാലിച്ച ദൈവത്തിനു സ്തോത്രം കരേറ്റാം. പുത്തൻ പ്രതീക്ഷകളുമയി ഒരു പുതുവർഷത്തിലേക്ക് നാം പ്രവേശിച്ചിരിക്കുന്നുവല്ലോ. വിപ്ലവകരമായ മാറ്റങ്ങൾ ധ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുന്ന ഒരു ലോകമാണ് നമുക്ക് മുന്നിൽ. ശാസ്ത്രീയമേഖലയിൽ അവിശ്വസനീയമായ പുരോഗതി നേടിയ ഒരു ലോകം എന്ന നിലയിൽ നമുക്ക് ഇതുവരെ പരിചിതമല്ലാത്ത ജീവിതസാഹചര്യങ്ങൾ നിർമ്മിത ബുദ്ധിയുടെ ആവിർഭാവത്തോടെ ഒരുക്കപ്പെട്ടിരിക്കുന്നു. നിലവിലുള്ള രാഷ്ട്രിയ, സാമ്പത്തിക നയങ്ങൾ ജനജീവിതത്തെ സാരമായി ബാധിച്ചിരിക്കുന്നു. ഭൂരിഭാഗം വിഭവങ്ങളുടെ ഉപഭോഗം വളരെ കുറച്ച് ആളുകളിൽ കേന്ദ്രീകരിക്കപ്പെട്ട ഒരു വ്യവസ്ഥയിൽ സാമ്പത്തിക ഉച്ചനീചത്വങ്ങൾ വർദ്ധിക്കുന്നു. പ്രകൃതി സൗഹാർദ്ദ ജീവിതമെന്നത് സംവാദങ്ങളിലും പ്രബന്ധങ്ങളിലും ഗവേഷണ അന്വേഷണങ്ങളിലും മാത്രം ഒതുങ്ങി നിൽക്കുന്നു. വാണിജ്യവൽക്കരിക്കപ്പെട്ട സേവനമേഖലകൾ കോർപ്പറേറ്റ് താത്പര്യങ്ങളെ സംരക്ഷിക്കുമ്പോൾ മനുഷ്യത്വത്തിനും മാനുഷിക മൂല്യങ്ങൾക്കും ഭ്രംശം സംഭവിക്കുന്നു. ആഗോളതലത്തിലും തദ്ദേശിയ തലത്തിലും സാമ്രാജ്യത്വത്തിൻെറ വേരുകൾ ആഴ്ന്നിറങ്ങുമ്പോൾ നവ അടിമത്തഭാവങ്ങൾ ജന്മമെടുക്കുന്നു. അറിവ്, സാമ്പത്തികം, ആരോഗ്യമെന്നീ മേഖലകളിൽ മനുഷ്യൻ വളരെ ഉയർന്ന നിലയിൽ എത്തിയെന്ന് അവകാശപ്പെടുമ്പോൾ അവൻ / അവൾ സ്വയത്തിലേക്ക് ചുരുങ്ങി വളരെയധികം പരിമിതപ്പെട്ട ഒരു ലോകം നിർമ്മിച്ചതിൻെറ സുഖത്തിലും സംരക്ഷണത്തിലും കഴിയുന്നു.

ഇത്തരം ചുറ്റുപാടുകളിൽ യേശുക്രിസ്തുവിലൂടെ ദൈവം ലോകത്തിനു വെളിപ്പെടുത്തിയ ദൈവരാജ്യ മൂല്യങ്ങളിലധിഷ്ഠിതമായ ഒരു ജീവതശൈലി രൂപപ്പെടുത്തേണ്ടത് ഇന്നിൻെറ അനിവാര്യതയാണ്. ഇന്നത്തെ ലോകത്തോട് നിരന്തരം നിർഭയം സംവദിച്ച് ബദലുകൾ രൂപപ്പെടുത്തി മനുഷ്യത്വവും മാനുഷിക മൂല്യങ്ങളും ഉയർത്തിപ്പിടിക്കുവാൻ നമുക്ക് സാധിക്കണം. ആത്മാർത്ഥമായും കൂട്ടായുമുള്ള പരിശ്രമങ്ങളിലൂടെ ദൈവത്തിലാശ്രയിച്ച് ദൈവരാജ്യം യാധാർദ്ധ്യമാക്കുന്നതിൽ പുതുവർഷം നമുക്കും പങ്കുചേരാം.

സകല ജാതികളോടും സുവിശേഷം അറിയിക്കുന്നതിനുള്ള ഉത്തരവാദിത്തം ഓർമ്മിപ്പിച്ചുകൊണ്ട് ബാഹ്യകേരളമിഷൻ ദിനാചരണത്തോടെ ജനുവരി മാസത്തെ ധ്യാനങ്ങൾ ആരംഭിക്കുന്നു. തുടർന്ന് ലഹരിവിമോചനം സമാധാനപരമായ ജീവിതത്തിനു അത്യന്താപേക്ഷിതമാണെന്ന് നമ്മെ ഉത്ബോധിപ്പിക്കുന്നു. സ്നേഹത്തിലധിഷ്ഠിതമായ ഐക്യത്തിലുള്ള ജീവിതം സഭയുടെ സാക്ഷ്യത്തെ അടയാളപ്പെടുത്തുന്നുവെന്ന ചിന്ത നമ്മിൽ വളർത്തുന്നു. ഈ മാസം നടത്തപ്പെടുന്ന ഇടവകയുടെ ആദ്യഫല ഉത്സവത്തിൽ എല്ലാ ഇടവകജനങ്ങളുടെയും ആത്മാർത്ഥമായ സഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു.

ഭാരത റിപ്പബ്ളിക്ക് ദിനാഘോഷത്തോട് അനുബന്ധിച്ച് രാഷ്ട്ര നിർമ്മിതിയിലെ ക്രിസ്തീയ പങ്കാളിത്തത്തെക്കുറിച്ച് ധ്യാനിച്ച് ജനുവരി മാസ ത്തിലെ ധ്യാന ചിന്തകൾ അവസാനിക്കുന്നു. സഭാ പഞ്ചാംഗമനുസരിച്ച് ജനുവരി 22–25 വരെയുള്ള ദിനങ്ങളിൽ അനുതാപത്തിലൂടെ വീണ്ടെടുപ്പിന്റെ സന്തോഷം വിളിച്ചറിയിക്കുന്ന മൂന്ന്നോമ്പ് സഭ ആചരിക്കുന്നു. ജനുവരി മാസം മുതൽ നമ്മുടെ സഭാമേലദ്ധ്യക്ഷന്മാരുടെ ഭദ്രാസന ചുമതലകളിൽ മാറ്റം വരുന്നുവല്ലോ. പുതിയതായി ചുമതല ഏൽക്കുന്ന ഭദ്രാസനങ്ങളിൽ വളരെ അനുഗ്രഹകരമായ നേതൃത്വം നൽകുവാൻ ദൈവം അവരെ ശക്തീകരിക്കട്ടെയെന്ന് പ്രാർത്ഥിക്കാം. നവാഭിഷിക്തരായ എപ്പിസ്കോപ്പാമാരാദ്യമായി ഭദ്രാസന ചുമതലകളിലേക്ക് പ്രവേശിക്കുമ്പോൾ പ്രാർത്ഥനാശംസകൾ അർപ്പിക്കാം. നമ്മുടെ ഇടവക ഉൾപ്പെടുന്ന കോട്ടയം – കൊച്ചി ഭദ്രാസനത്തിനു കഴിഞ്ഞ കാലങ്ങളിൽ അനുഗ്രഹീതമായ നേതൃത്വം നൽകിയ നമ്മുടെ ഭദ്രാസന അദ്ധ്യക്ഷൻ അഭി. ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പായോടുള്ള കൃതജ്ഞത രേഖപ്പെടുത്തുന്നു. നമ്മുടെ ഭദ്രാസന അദ്ധ്യക്ഷനായി ചുമതലയേറ്റ അഭി. തോമസ് മാർ തിമത്തിയോസ് എപ്പിസ്കോപ്പാ തിരുമേനിയുടെ ശുശ്രൂഷകൾ നമ്മുടെ ഭദ്രാസനത്തേയും ഇടവകയെയും ഉയരങ്ങളിൽ എത്തിക്കുന്നതിനു സഹായകരമാകട്ടെ. എന്ന് പ്രാർത്ഥിക്കാം. ജനുവരി 23 മുതൽ 25 വരെ നടക്കുന്ന ഇടവക മിഷന്റെ ആഭിമുഖ്യത്തിലുള്ള കൺവൻഷൻ ഏറ്റം അനുഗ്രഹകരമാകുന്നതിനു നമുക്ക് പ്രാർത്ഥിക്കുകയും ഉത്സാഹത്തോടെ യോഗങ്ങളിൽ പങ്കെടുക്കുന്നതിനു ഒരുങ്ങുകയും ചെയ്യാം. ഏവർക്കും അനുഗ്രഹകരമായ ഒരു പുതുവർഷം ആശംസിച്ചുകൊണ്ട് സ്നേഹത്തോടെ

കർത്താവ് ഏവരേയും അനുഗ്രഹിക്കട്ടെ.

എന്ന് പ്രാർത്ഥനയോടെ, സ്നേഹത്തോടെ,

നിങ്ങളുടെ


**മാത്യു ചാക്കോ അച്ചൻ**

mathewchacko2008@gmail.com.

Mob.: +973 38804243

## Holy Qurbana, at St. Paul's Mar Thoma Parish, Sugaiya

| Date & Day | Time | Significance Of the Day | Theme Of the Day |
|---|---|---|---|
| 05-01-24 (Friday) | **08:00AM** | Bahya Kerala Mission | Evangelism-Church's Primary Commission |
| 12-01-24 (Friday) | **08:00AM** | Temperance Day | Life –For the glory of God |
| 19-01-24 (Friday) | **06:00PM** | Ecumenical Sunday | Love –The foundation of unity |
| 26-01-24( Friday) | **06:00PM** | Republic Day | Participation in nation building; a Christian responsibility |

## Reading of The Month

| Date & Day | Assist Ward | 1st lesson | 2nd Lesson | Epistle | Gospel |
|---|---|---|---|---|---|
| 05-01-24 (Friday) | Tubli | Isa 61:1-11 | Acts 20:17-24 | Col 1:24-29 | Matt 9: 35-38 |
| 12-01-24 (Friday) | Adliya/Um Al Hassam/Juffair/ Sitra | Prov 23: 19-35 | 1 Thes 5:1-11 | Eph 5:15-20 | Matt 5:13-16 |
| 19-01-24 (Friday) | Budaiya | Num 11:23-30 | 1Cor 3: 1-9 | Eph 4: 1-17 | John 15 :8-16 |
| 26-01-24(Friday) | Gudebiya | Neh 2:11-18 | 1 Pet 2:1-12 | Rom 12:9-21 | Matt 13 :31-34 |

## Important Events

**Jan : Harvest Festival**

**Jan 1st : 'X'mas & Newyear Celebration (KCEC)**

**Jan18th : Cooking Class (Sevika Sangham)**

**Jan23th – 25th : Convention (Edavaka Mission)**

## AREA PRAYER MEETINGS

| SL.NO | NAME | ADDRESS | AREA | DATE & TIME | MOB.NO |
|---|---|---|---|---|---|
| 1. | Mr. Biju Thomas Sam (Roll No-445) | Flat-02,Bldg-830, Road-3015, Block-330 | Pepsicola | 05/01/24 @ 4pm | 39241844 |
| 2. | Mr. Renish Reji Thomas (Roll No-496) | Flat-454 ,Bldg-983, Road-3320, Block-333 | Pepsicola | 12/01/24 @4pm | 38800161 |

## CHURCH ORGANIZATION CONTACT

| SL.NO | ORGANIZATION | NAME | MEETINGS | MOB.NO |
|---|---|---|---|---|
| 1. | Senior Citizen Forum | Mr. Kuruvilla Abraham | Every 2nd Saturday @7:30pm | 39296734 |
| 2. | Edavaka Mission | Mr. Shibu Chacko | Every Sunday @7:30pm | 39754346 |
| 3. | Sunday School | Mr. Mathew Baby<br>Mr. Shibu T Kunjumon | First, second & Fifth Friday @11:00AM<br>Third & Forth Friday @9:30AM | 39308508<br>39204930 |
| 4. | Suvishesha Sevika Sangham | Mrs. Jaya Regi | Every Thursday @ 7:30pm | 39568030 |
| 5. | Yuvajanasakhyam | Mr. Ebin Mathew Oommen | Every Friday after church service | 38058485 |
| 6. | Choir Practice | Mr. Samuel Aniyan (Choir Master)<br>Mr. Anish Jacob George (Secretary) | Every Tuesday @ 7:30pm | 39275024<br>37781891 |

## PRAYER REQUEST

- **For Kingdom of Bahrain**
- **Our Nation**
- **Parish Registration**
- **People who are sick**




# HARVEST FESTIVAL 2023-2024

## AREA WISE SCHEDULE

| DATE | AREA |
|---|---|
| 5th January 2024 | Gudaibiya, Lulu Road, Salmaniya |
| 12th January 2024 | Budaiya, Muharraq, Tubli |
| 26th January 2024 | Pepsi cola, Sugaiya |
| 2nd February 2024 | Adilya, Um Al Hassam, Sitra, Khamis, Salmabad, Jidhafs, Riffa |
| 9th February 2024 | Gold Harvest<br>**Harvest Festival Finale** |



# DIOCESAN EPISCOPAS FROM JANUARY 2024



Rt. Rev. Dr. Euyakim Mar Coorilos
Suffragan Metropolitan

**Chengannur – Mavelikara Diocese**




Most Rev. Dr. Theodosius
Mar Thoma Metropolitan

**Niranam – Maramon Diocese**



Rt. Rev. Dr. Joseph Mar Barnabas
Suffragan Metropolitan

**Ranni – Nilackal Diocese**



Rt. Rev. Thomas Mar
Timotheos Episcopa

**Kottayam – Kochi Diocese**



Rt. Rev. Dr. Issac Mar
Philoxenos Episcopa

**Thiruvanathapuram – Kollam Diocese**




Rt. Rev. Dr. Abraham
Mar Paulos Episcopa

**Diocese of North America**



Rt. Rev. Dr. Mathews
Mar Makarios Episcopa

**Kunnamkulam – Malabar Diocese**



Rt. Rev. Dr. Gregorios
Mar Stephanos Episcopa

**Chennai - Bangalore,
Malaysia - Singapore Diocese**



Rt. Rev. Dr. Thomas Mar
Theethos Episcopa

**Kottarakkara – Punalur Diocese**



Rt. Rev. Zacharias Mar
Aphrem Episcopa

**Delhi Diocese**



Rt. Rev. Dr. Joseph Mar
Ivanios Episcopa

**Mumbai Diocese & Diocese of
U.K. – Europe – Africa**



Rt. Rev. Mathews Mar
Seraphim Episcopa

**Adoor Diocese**

*We are Ambassadors for Christ*

**(II Cor. 5:20)**

ആശംസകളോടെ!!

# Mr. Renish Reji Thomas

ALHAYAT PRINTING 17554760 - alhayatprinting@gmail.com